# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2318 | 12.03.2020-ന് മറുപടിയ്ക്ക്

### കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും അവരുടെ ജീവിതോപാധികളുടെ സംരക്ഷണത്തിനുമായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനായി ഏർപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ ; നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ? | (ബി) കൊടകര കുംഭാര കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പഗ് മിൽ, വർക്ക് ഷെഡ് തുടങ്ങിയവയോടു കൂടിയ വ്യാവസായിക കേന്ദ്രം, കുടിവെള്ള പദ്ധതി, നടപ്പാതകളുടെ നിർമ്മാണവും റീ ടാറിംഗും തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്ന കൊടകര ഗ്രാമ പഞ്ചായത്തുമായി വകുപ്പ് കരാറിൽ ഏർപ്പെടുകയും, തുടർന്ന് ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ